(ഇ) പേരാമ്പ്ര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 40/2015, u/s 143, 147, 448, 323 r/w 149 IPC & Sec.3(1) of PDPP Act പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രതികളാരെന്ന് തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ പ്രതികളെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിവായിട്ടില്ല.

പാറ്റൂർ ഭൂമി തട്ടിപ്പ്

195 (3016) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറ്റൂർ ഭൂമി തട്ടിപ്പിനെക്കുറിച്ചുള്ള വിജിലൻസ് റിപ്പോർട്ട് ഏതെങ്കിലും ഏജൻസി കൈമാറിയിട്ടുണ്ടോ ; സർക്കാർ ഭൂമി കൈവശപ്പെടുത്തുന്നതിൽ സ്വകാര്യ സ്ഥാപനത്തിന് ഉന്നതർ സഹായം ചെയ്തതായി പ്രാഥമിക അന്വേഷണത്തിൽ വെളിവായിട്ടുണ്ടോ ;

(ബി) ഉത്തരവാദികൾ ആരെല്ലാമാണെന്നും ഓരോരുത്തരുടെയും പങ്ക് എന്തായിരുന്നുവെന്നും അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ ; എന്തെല്ലാം തെളിവുകളിലൂടെയാണ് ഓരോരുത്തരുടെയും നേരിട്ടുള്ള പങ്ക് കണ്ടെത്തിയിരിക്കുന്നത് ;

(സി) ഫ്ലാറ്റ് പണിയുന്നതിനു പുറമ്പോക്കിലുള്ള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കാൻ സ്വകാര്യ കമ്പനി നൽകിയ അപേക്ഷയിൽ അനുകൂലമായി അന്തിമ തീരുമാനം എടുത്തത് ആരായിരുന്നു ;

(ഡി) വിജിലൻസ് പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് വിവരാവകാശ നിയമപ്രകാരം നൽകാവുന്ന ഒന്നാണോ ; ഇത് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

(എ&ബി) പാറ്റൂർ ഭൂമി വിവാദവുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്. ടി അന്വേഷണത്തിൽ ഏതെങ്കിലും ഉന്നതർക്ക് പങ്കുള്ളതായി തെളിഞ്ഞിട്ടില്ല.

(സി) 18-2-2014-ലെ ജി.ഒ.(ആർ.റ്റി) 1024/2014/റവ. നമ്പർ ഉത്തരവു പ്രകാരം രൂപീകരിച്ച കമ്മിറ്റി സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടും അതിൽ ഉൾപ്പെട്ടിട്ടുള്ള ശിപാർശകളും പരിശോധിച്ചശേഷമാണ് ഇതുസംബന്ധിച്ച കമ്മിറ്റിക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലോകായുക്ത ഈ വിഷയത്തിൽ ഒരു അന്വേഷണം നടത്തി വരുന്ന സാഹചര്യത്തിൽ വിവരാവകാശ നിയമത്തിന്റെ Sn.8(1)(h) പ്രകാരം മിന്നൽ പരിശോധനാ റിപ്പോർട്ട് നൽകുന്നത് നിയമാനുസൃതമല്ല.

വർഗ്ഗീയ സംഘട്ടനങ്ങൾ

196 (3017) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നു ; വർഗ്ഗീയ സംഘർഷം ഇപ്പോഴും നിലനിൽക്കുന്ന പ്രദേശങ്ങൾ ഏതൊക്കെയാണ് ;

(ബി) വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടാക്കാൻ ബോധപൂർവ്വം പ്രവർത്തിക്കുന്നുവെന്ന് ആരോപിക്കുന്ന സംഘടനകളെ നിരീക്ഷിക്കുന്നുണ്ടോ ;

(സി) ഇത്തരം സംഘടനകൾക്കെതിരെ മതനിരപേക്ഷ നിലപാടുകളിൽ നിന്നുകൊണ്ട് നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 215 വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നു. സംസ്ഥാനത്തിന്റെ ഒരു ഭാഗത്തുനിന്നും ഇപ്പോൾ വർഗ്ഗീയ സംഘർഷം നിലവിലില്ല.

(ബി) വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടാക്കാൻ ബോധപൂർവ്വം പ്രവർത്തിക്കുന്നുവെന്ന് ആരോപിക്കപ്പെടുന്ന സംഘടനകളെ നിരീക്ഷിച്ചുവരുന്നു.

(സി) ഇത്തരം സംഘടനകൾക്കെതിരെ മതനിരപേക്ഷ നിലപാടുകളിൽ നിന്നുകൊണ്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വർഗ്ഗീയ, രാഷ്ട്രീയ സംഘർഷങ്ങളുടെ നിയന്ത്രണം

197 (3018) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly